ഭരണഭാഷ - മാതൃഭാഷ

ജി.4 /22493/2019/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം
തീയതി : 26.08.2019

# സർക്കുലർ

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് - ഉന്നത വിദ്യാഭ്യാസ(ഡി) വകുപ്പ്- സ്വകാര്യ എയ്ഡഡ് കോളേജ്-സെന്റ് പീറ്റേഴ്സ് കോളേജ് ട്രസ്റ്റ്- കോലഞ്ചേരി- മൈനോറിറ്റി സർട്ടിഫിക്കറ്റ്- സംബന്ധിച്ച്.

സൂചന:- 01.07.2019-ാം തീയതിയിലെ ഡി1/12/18/ഉ.വി.വകുപ്പ് കത്ത്

**************

സൂചന കത്ത് പ്രകാരം കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ ന്യൂനപക്ഷ പദവി ലഭിച്ച എത്ര സ്ഥാപനങ്ങൾ ഉണ്ടെന്നും ആ സ്ഥാപനങ്ങൾ അദ്ധ്യാപക അനദ്ധ്യാപക നിയമനങ്ങളിലും വിദ്യാർത്ഥി പ്രവേശനത്തിലും നിലവിലുള്ള നിയമങ്ങളും വ്യവസ്ഥകളും പാലിക്കുന്നുണ്ടോ എന്നതും ഉൾപ്പെടെ വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ സർക്കാർ ആവശ്യപ്പെട്ടിരിക്കുന്നതിനാൽ സർവ്വകലാശാല റിപ്പോർട്ട് സർക്കാരിന് നേരിട്ട് അടിയന്തിരമായി അയച്ചുകൊടുത്ത് പകർപ്പ് കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതും, ഡെപ്യൂട്ടി ഡയറക്ടർമാർ അവരുടെ കീഴിലുള്ള എയ്ഡഡ് കോളേജുകളിൽ നിന്ന് മേൽപ്പറഞ്ഞ വിശദമായ റിപ്പോർട്ട് ശേഖരിച്ച് കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതുമാണ്.

ഡോ.കെ.കെ.സുമ
അഡീഷണൽ ഡയറക്ടർ

പകർപ്പ്:-
1. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (എയ്ഡഡ്/പ്രൈവറ്റ് കോളേജ് പ്രിൻസിപ്പാൾമാരുടെ അറിവിലേയ്ക്കും)
2. എല്ലാ സർവ്വകലാശാലകളിലേക്കും (കേരള, എം.ജി, കണ്ണൂർ, കോഴിക്കോട്)

ആർ.ബി. 20.08.2019

GOVERNMENT OF KERALA